# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4613 13.11.2019 -ൽ മറുപടിക്ക്

## തൊഴിലില്ലായ്മ പരിഹരിക്കുവാൻ നടപടികൾ

**ചോദ്യം**

ശ്രീ.എം. വിൻസെന്റ്
ശ്രീ.ടി.ജെ.വിനോദ്
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.വി.എസ്.ശിവകുമാർ

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിച്ചുവരുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് കുറഞ്ഞു വരുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. തൊഴിലന്വേഷകർക്ക് ആവശ്യമായ കരിയർ/നൈപുണ്യ പരിശീലനങ്ങൾ നൽകി പൊതു സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കി വരുന്ന കെസ്റു, ശരണ്യ, മൾട്ടി പർപ്പസ് ജോബ് ക്ലബ്/സർവ്വീസ് സെന്റേഴ്സ്, കൈവല്യ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികളിലൂടെ തൊഴിൽരഹിതരായ ധാരാളം ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിലൂടെയും വിവിധ സ്വയം തൊഴിൽ പദ്ധതികളിലൂടെയും തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വ്യവസായ ശാലകൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് അവരുടെ ആവശ്യങ്ങൾക്ക് അനുസൃതമായി തൊഴിലാളികളെ പ്രദാനം ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വ്യവസായശാലകൾ, വാണിജ്യകേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് അവരുടെ ആവശ്യങ്ങൾക്കനുസൃതമായി തൊഴിലാളികളെ പ്രദാനം ചെയ്യുന്നതിനായി ഉചിതമായ നൈപുണ്യ വികസന പദ്ധതികൾ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) മുഖേന നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ട് വന്ന് പരമാവധ് തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന മേഖലാടിസ്ഥാനത്തിൽ 'നിയുക്തി' എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്. |
| (സി) | സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് സംഘടിപ്പിക്കുന്ന നിയുക്തി പദ്ധതി വിജയപ്രദമാണോ; ഈ വർഷം ഇതിനകം ഈ പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കിയെന്ന് അറിയിക്കുമോ? | (സി) | സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് സംഘടിപ്പിക്കുന്ന നിയുക്തി പദ്ധതി വിജയപ്രദമാണ്. ഈ വർഷം ഇതിനകം സംഘടിപ്പിച്ച നിയുക്തി തൊഴിൽ മേളയിലൂടെ 1551 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**